# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3485 — 20.06.2018-ൽ മറുപടിക്ക്

## കസ്റ്റഡി മരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. ശിവകുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) കസ്റ്റഡി മരണങ്ങളിൽ കാര്യക്ഷമമായ അന്വേഷണം നടത്തുകയും കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്. കസ്റ്റഡി മരണങ്ങൾ പോലുള്ള സംഭവങ്ങൾ പോലീസ് സ്റ്റേഷനുകളിൽ പാടില്ലായെന്നും കൃത്യമായ നടപടി ക്രമങ്ങൾ പാലിച്ചുമാത്രം പ്രതികളെ അറസ്റ്റ് ചെയ്യുവാനും, രാത്രിയിൽ കസ്റ്റഡിയിൽ എടുക്കുന്ന പ്രതികളെ കൃത്യമായ മെഡിക്കൽ പരിശോധനയ്ക്കുശേഷം മാത്രമേ കസ്റ്റഡിയിൽ സൂക്ഷിക്കുവാൻ പാടുള്ളൂ എന്നും സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് കസ്റ്റഡിയിൽ സൂക്ഷിക്കുന്ന എല്ലാ വ്യക്തികളോടും വളരെ മാന്യമായി മാത്രമേ പെരുമാറുവാൻ പാടുള്ളൂ എന്ന നിർദ്ദേശവും അവബോധവും എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകി വരുന്നു. |

| | |
|---|---|
| (ബി) കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ സസ്പെൻഡ് ചെയ്യപ്പെട്ട എത്ര പോലീസുദ്യോഗസ്ഥരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) ഈ സർക്കാർ കാലയളവിൽ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ സസ്പെൻഡ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥരിൽ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചവരുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ലോക്കപ്പ് മർദ്ദനത്തെ തുടർന്ന് മരണപ്പെട്ടവരിൽ എത്രപേരുടെ ആശ്രിതർക്ക് സർക്കാർ ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരാളുടെ ആശ്രിതക്ക് സർക്കാർ ജോലി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | ക്രൈം നം. & പോലീസ് സ്റ്റേഷൻ | കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ സസ്പെൻഡ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം | തിരികെ സർവ്വീസിൽ പ്രവേശിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം. |
|---|---|---|---|---|
| 1 | എറണാകുളം റൂറൽ | വരാപ്പുഴ PS Crime No.310/18, 312/18 & 321/18 | 10 | 0 |
| 2 | കണ്ണൂർ | തലശ്ശേരി PS Crime No.1983/16 | 3 | 3 |
| 3 | മലപ്പുറം | വണ്ടൂർ PS Crime No.348/16 | 3 | 3 |

Deepak
സെക്ഷൻ ഓഫീസർ